"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - അറബിക് അധ്യാപകനായ ശ്രീ.മുഹമ്മദ് അനീസിന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ ചേലേരി എ.യു.പി. സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.637/2026/GEDN തീയതി,തിരുവനന്തപുരം, 22-01-2026

പരാമർശം:-
1. കണ്ണൂർ ചേലേരി എ.യു.പി സ്കൂൾ മാനേജർ സർക്കാരിലേക്ക് സമർപ്പിച്ച 09/07/2024-ലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/06/2025-ലെ DGE/ 1183/2025-G2 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ സൗത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് പരിധിയിൽപെട്ട ചേലേരി എ.യു.പി. സ്കൂളിലെ അറബിക് അധ്യാപകനായി 04.06.2007 മുതൽ നിയമിതനായ ശ്രീ. മുഹമ്മദ് അനീസിന്റെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിച്ച് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം മാനേജർ റിവിഷൻ ഹർജി സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ പ്രസ്തുത വിഷയം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ സൗത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് പരിധിയിൽപെട്ട ചേലേരി എ.യു.പി. സ്കൂളിലെ അറബിക് അധ്യാപകനായി 04.06.2007 മുതൽ നിയമിതനായ ശ്രീ. മുഹമ്മദ് അനീസിന്റെ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് 04.06.2007 മുതൽ 31.03.2008 വരെ ദിവസവേതനാടിസ്ഥാനത്തിലും തുടർന്ന് 02.06.2008 മുതൽ ശമ്പള സ്കെയിലിലും അംഗീകരിച്ചുത്തരവായിരുന്നുവെന്നും ഇതിനെതിരെ ടിയാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും സമർപ്പിച്ച അപ്പീലുകൾ നിരസിച്ച് ഉത്തരവായിട്ടുണ്ട്. സ.ഉ.(പി)നം.169/04/പൊ.വി.വ തീയതി 15.06.2004 പ്രകാരം ഒരു അദ്ധ്യയന വർഷത്തിൽ കുറവായ ഒഴിവുകൾ ദിവസവേതനാടിസ്ഥാനത്തിൽ നികത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും ശ്രീ.മുഹമ്മദ് അനീസിനെ അറബിക് പാർട്ട്ടൈം അധ്യാപകനായി നിയമിച്ചത് 04.06.2007 മുതൽ 31.03.2008 വരെ ദിവസവേതനാടിസ്ഥാനത്തിൽ ആഴ്ചയിൽ 3 ദിവസവും 02.06.2008 മുതൽ പ്രൊബേഷനറി ആയി (അറബിക് പാർട്ട് ടൈം) ശമ്പള സ്കെയിലിലും ആയിരുന്നുവെന്നും 2007-2008 അദ്ധ്യയന വർഷത്തെ ഹാജർ പട്ടിക പരിശോധിച്ചതിൽ സ്കൂൾ തുറക്കുന്നത് ജൂൺ ഒന്നിനാണെന്നും എന്നാൽ ടിയാൾ ജോലിയിൽ പ്രവേശിച്ചത് 04.06.2007 നാണെന്നും ടിയാളുടെ നിയമനം ഒരു അക്കാദമിക വർഷം മുഴുവൻ ഉൾക്കൊള്ളിന്നില്ലാത്തതിനാൽ ടിയാളുടെ 2007-08

വർഷത്തെ നിയമനം ദിവസ വേതനാടിസ്ഥാനത്തിൽ മാത്രമേ അംഗീകരിക്കുവാൻ കഴിയൂ എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. 14.10.2015 തീയതിയിലെ 4977/ജെ2/2013/GEDN നമ്പർ കത്ത്, 02-03-2018 തീയതിയിലെ ജെ3/182/2017 കത്ത് എന്നിവ പ്രകാരം സ്ഥിരം ഒഴിവുകളിൽ നിയമിക്കപ്പെടുന്ന അധ്യാപകർക്ക് നിയമിക്കപ്പെടുന്ന അക്കാദമിക് വർഷത്തിലെ സേവന ദൈർഘ്യം കണക്കിലെടുക്കാതെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കാമെന്നും ഇവർക്ക് വെക്കേഷൻ സാലറിയ്ക്ക് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി സാഹചര്യത്തിൽ, കണ്ണൂർ ജില്ലയിലെ ചേലേരി എ.യു.പി. സ്കൂൾ അറബിക് അധ്യാപകനായ ശ്രീ. മുഹമ്മദ് അനീസിന്റെ നിയമനം സ്റ്റേറ്റ് ഓഫ് കേരള v. സ്നേഹ ചെറിയാൻ കേസിലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 14.10.2015-ലെ നം.44977/ജെ2/2013/പൊ.വി.വ കത്തിലെ ഖണ്ഡിക vi പ്രകാരം 04.06.2007 മുതൽ മധ്യവേനലവധി കൂടി ഉൾപ്പെടുത്തി തുടർച്ചയായി ശമ്പള സ്കെയിലിൽ അംഗീകരിച്ച് നൽകുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകിക്കൊണ്ടും അപ്രകാരം പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J SALINI
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തളിപ്പറമ്പ, കണ്ണൂർ
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തളിപ്പറമ്പ സൗത്ത്.
മാനേജർ, ചേലേരി എ.യു.പി സ്കൂൾ, ചേലേരി പി.ഒ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Salim M
Date: 23-01-2026 14:32:28
സെക്ഷൻ ഓഫീസർ